## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7439 — 17.07.2012 ൽ മറുപടിയ്ക്ക്

### കാർഷികാധിഷ്ഠിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികാധിഷ്ഠിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) 2012-2013 വർഷത്തെ ബഡ്ജറ്റിൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഇതു സംബന്ധിച്ച അവബോധം സംരംഭകരിൽ ഉണ്ടാക്കുന്നതിനും അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ധനസഹായം നൽകാൻ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ നാളീകേരാധിഷ്ഠിത ഉല്പന്ന നിർമ്മാണത്തിന് വ്യവസായ സംരംഭകർ മുന്നോട്ട് വരികയാണെങ്കിൽ അവർക്ക് വേണ്ടത്ര പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് നാളീകേര വികസന ബോർഡും കേരള സർക്കാരും ധനസഹായം നൽകുന്നതാണ്. ഇതിനു പുറമെ ഒരു റൈസ് ബയോ പാർക്കും, നാളികേര പാർക്കും ആവിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) കാർഷിക മേഖലയിൽ വരുമാന ഭദ്രതയ്ക്ക് ബിസിനസ് സംരംഭങ്ങളുടെ ആവശ്യകത എത്രത്തോളമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) നിലവിൽ ഈ രീതിയിലുള്ള സമഗ്രമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. എങ്കിലും വരുമാന ഭദ്രതയ്ക്ക് ബിസിനസ്സ് സംരംഭങ്ങൾ വളരെയേറെ ഉപകരിക്കുമെന്നതിൽ സംശയില്ല. |

| | | | |
|---|---|---|---|
| (സി) | മൂല്യവർധിത ഉൽപന്നങ്ങളിലൂടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനും കാർഷിക മേഖലയിൽ നൂതന ബിസിനസ് സംരംഭങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്ന നൂതന ബിസിനസ് സംരംഭങ്ങൾ ഉറപ്പ് വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് അത്തരം സംരംഭകർക്ക് ധനസഹായം നൽകുന്നതിനും അതിനു വേണ്ടത്ര പരിശീലനവും അവബോധവും, പ്രോജക്ട് തയ്യാറാക്കാനുമായി 15 കോടി രൂപയുടെ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. സംരംഭകർക്ക് പ്രോജക്ടുകളുടെ അടിസ്ഥാനത്തിലായിരിക്കും ധനസഹായം ലഭ്യമാക്കുക.<br><br>അതുപോലെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. നാളികേരാധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംരംഭകർക്ക് നാളികേര വികസന ബോർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ